പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6616 12.07.12 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹന വകപ്പിലെ നികുതി കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ബേബി<br>ശ്രീ.വി. ശിവൻകുട്ടി<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. കെ. ദാസൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി |

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകപ്പ് നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ എല്ലാ ആർ.ടി.ഓഫീസുകളിലും/ജോയിന്റ് ആർ.ടി. ഓഫീസുകളിലും ബുധനാഴ്ച്ചകളിൽ പ്രധാനമായും നികുതി സംബന്ധമായ പ്രവർത്തികൾ ആണ് നടത്തി വരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന നികുതി പിരിവിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതുപോലെ തന്നെ പുതിയ എൻഫോഴ്സ്മെന്റ് വിഭാഗം നിലവിൽ വന്നതിന്റെ ഫലമായി വാഹനങ്ങൾ പരിശോധിക്കുന്നതിനും ടാക്സ് ഈടാക്കുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഇ-പേയ്മെന്റ് സംവിധാനം തിരുവനന്തപുരം ജില്ലയിലെ എല്ലാ ഓഫീസുകളിലും നടപ്പിലാക്കി താമസിയാതെ കേരളത്തിലെ എല്ലാ ആർ.ടി.ഓഫീസുകളിലേക്കും ജോയിന്റ് ആർ.ടി.ഓഫീസുകളിലേക്കും ഇത് വ്യാപിപ്പിക്കുന്നതാണ്. ഈ സംവിധാനം മൂലം നികുതി അടയ്ക്കുന്നതിന് എളുപ്പത്തിൽ കഴിയുമെന്നതിനാൽ നികുതി കുടിശ്ശിക വരാനുള്ള സാദ്ധ്യത ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ കടിശ്ശിക പിരിച്ചെടുക്കുന്നതിന് തടസ്സമാകുന്നതായി കരുതുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കടിശ്ശിക പിരിച്ചെടുക്കാൻ മോട്ടോർ വാഹനവകുപ്പിൽ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (സി) | എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയിട്ടുണ്ട് |
| (ഡി) | നികുതി കടിശ്ശിക പിരിച്ചെടുക്കുന്നത് സംബന്ധിച്ച് 2010 മാർച്ച് 31-ലെ സി&എ.ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ഡി) | നികുതി കടിശ്ശിക പിരിച്ചെടുക്കുന്നതു സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. റിപ്പോർട്ട് തയ്യാറായിട്ടില്ല. എൻഫോഴ്സ്മെന്റ് വിംഗ് ശക്തിപ്പെടുത്തിക്കൊണ്ടും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 2006-08 ലെ റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ? | (ഇ) | പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 2006-08 ലെ റിപ്പോർട്ടുകളിൽ മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ശുപാർശ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ